പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2779 — 18/06/2018 -ൽ മറുപടിയ്ക്ക്

## ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗൃഹപാഠം നൽകാതിരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തെ ഒരു സ്കൂളിലും ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് അദ്ധ്യാപകർ ഗൃഹപാഠം നൽകുന്നില്ലായെന്ന് ഉറപ്പ് വരുത്തണമെന്ന മദ്രാസ് ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സംസ്ഥാനത്തെ പല സ്കൂളുകളിലും പിഞ്ചു കുഞ്ഞുങ്ങൾക്ക് കനത്ത ഗൃഹപാഠം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കുട്ടികളിൽ കനത്ത മാനസിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന സാഹചര്യത്തിൽ മദ്രാസ് ഹൈക്കോടതിയുടെ വിധിയിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;വിശദമാക്കാമോ? | (ബി) സംസ്ഥാനത്തു നടപ്പാക്കിയിരിക്കുന്ന പരിഷ്കരിച്ച പാഠ്യ പദ്ധതിയിൽ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഗൃഹപാഠം നൽകാൻ നിർദ്ദേശം നൽകിയിട്ടില്ല. ഇത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്കൂൾ മോണിറ്ററിംഗിന്റെ ഭാഗമായി ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ